LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ 20-6-2015-ൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് സ്ഥലം നൽകുന്ന വിഷയം പരിഗണിക്കുകയും വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി ഭൂമിയോ നഷ്ടപരിഹാരത്തുകയോ ലഭ്യമാക്കിയതിനുശേഷം മാത്രം സർവ്വകലാശാല ഭൂമി നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുമുണ്ടായി. ജില്ലാ വികസന സമിതി യോഗത്തിൽ ഇതുസംബന്ധമായി നടന്ന ചർച്ചയുടെ ഭാഗമായി ജില്ലാ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് സർവ്വകലാശാല വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി നൽകാമെന്നറിയിച്ച ചീമേനി ഭാഗത്തെ 15 കിലോമീറ്റർ ചുറ്റളവിലുള്ള സർക്കാർ ഭൂമി സർവ്വകലാശാലയ്ക്ക് സ്വീകാര്യമാണോ എന്ന് തീരുമാനമെടുക്കുന്നതിനായി പ്രസ്തുത നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനത്തിന് വിധേയമായി, അനന്തര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് മന്ത്രിസഭാ തീരുമാനപ്രകാരം 9-11-2012-ലെ സ.ഉ. (സാധ) നമ്പർ 2202/2012/കൃഷി സർക്കാർ ഉത്തരവിലൂടെ നീലേശ്വരം നഗരസഭയ്ക്ക് 2 ഏക്കർ സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉടൻ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് - കർഷകരുടെ എണ്ണം

205 (1678) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം എത്ര; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെൽ കൃഷി ചെയ്യുന്നവർ, കേര കർഷകർ, റബ്ബർ കർഷകർ എന്നിവരുടെ കണക്ക് പ്രത്യേകമായി നൽകുമോ;

(ഇ) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് സബ്സിഡി അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) കാർഷിക മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന നൂതന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(സി) പാലക്കാട് ജില്ലയിൽ ആകെ 141282 കർഷകർ (30-11-2015 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമല്ല. ബ്ലോക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ബ്ലോക്ക്	രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം
1	ആലത്തൂർ	17108
2	കുഴൽമന്ദം	15097
3	നെന്മാറ	9491
4	കൊല്ലങ്കോട്	8172
5	ചിറ്റൂർ	14935
6	പാലക്കാട്	9693
7	മണ്ണാർക്കാട്	14613
8	ശ്രീകൃഷ്ണപുരം	9151
9	അഗളി	6565
10	ഷൊർണ്ണൂർ	9127
11	പട്ടാമ്പി	8986
12	തൃത്താല	8276
13	മലമ്പുഴ	10068
	ആകെ	141282

(ഡി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നെൽകർഷകർ, കേരകർഷകർ എന്നിവർക്ക് യഥാക്രമം നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി എന്നിവയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന സബ്സിഡി നൽകാറില്ല.

ക്രമ നമ്പർ	സാമ്പത്തിക വർഷം	നെൽകൃഷി വികസന പദ്ധതി (ലക്ഷം രൂപ)	നാളികേര വികസന പദ്ധതി (ലക്ഷം രൂപ)
1	2011-12	2898.88	2941.45
2	2012-13	4908.09	4475.92
3	2013-14	4897.13	4700.79
4	2014-15	3313.48	2505.65
5	2015-16 (31-10-2015 വരെ)	1113.45	1634.05

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നിറവ് പദ്ധതി

206 (1679) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതി പ്രകാരം ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, ഉള്ളേരി, അത്തോളി, നടുവണ്ണൂർ, കോട്ടൂർ, കൂരാച്ചുണ്ട്, കായണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽതുകയും സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

ഉത്തരം

നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം വിഹിതമില്ലാത്തതിനാൽ, കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും നിറവ് മണ്ഡലങ്ങളിൽ പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു. 2011 മുതൽ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, ഉള്ളേരി, അത്തോളി, നടുവണ്ണൂർ, കോട്ടൂർ, കൂരാച്ചുണ്ട്, കായണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly